പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2374

19.07.2016-ൽ മറുപടി പറയേണ്ടിയിരുന്ന ചോദ്യം

## കാസർഗോഡ് ജില്ലയിലെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. രാജഗോപാലൻ | ഡോ.കെ.ടി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ 5 വർഷങ്ങളിലായി ജില്ലാ/ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി താല്കാലിക നിയമനം ലഭിച്ച്, തുടരുന്ന എത്ര ജീവനക്കാരുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി ക്ക് വിടുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്നും തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിൽ മംഗൽപാടി ഗ്രാമപഞ്ചായത്തിൽ ഡ്രൈവർ തസ്തികയിൽ താൽക്കാലിക നിയമനം ലഭിച്ച ഒരാൾ ഇപ്പോഴും തുടർന്നു വരുന്നുണ്ട്. പ്രസ്തുത ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിൽ താൽക്കാലിക നിയമനം ലഭിച്ച് തുടരുന്ന ജീവനക്കാർ ഇല്ല. കാസർഗോഡ് നഗരസഭയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഒരാൾ താൽക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നുണ്ട്. ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| (ബി) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ഇതിൽ നിന്നും നിയമനം നടത്താതെ താല്ക്കാലിക/ കരാർ നിയമനം നടത്തിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ താൽക്കാലിക നിയമനം നടത്തിയിട്ടില്ല. പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലാതിരുന്ന സാഹചര്യത്തിലാണ് മേൽ പരാമർശിച്ചിരിക്കുന്ന താൽക്കാലിക ഡ്രൈവറുടെ നിയമനം നടത്തിയിട്ടുള്ളത്. കാസർഗോഡ് നഗരസഭയിലെ എൽ.ഡി.ക്ലാർക്ക്/ ബിൽ കളക്ടർ തസ്തികയിലെ ഒഴിവ് കന്നട ഭാഷ അറിയുന്നവർക്കായി നീക്കിവച്ചിട്ടുള്ളതാണ്. പ്രസ്തുത ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തപ്പോൾ യോഗ്യരായ ഉദ്യോഗാർത്ഥികളില്ല എന്ന് അറിയിച്ച സാഹചര്യത്തിലാണ് താൽക്കാലിക നിയമനം നടത്തിയിട്ടുള്ളത്. കന്നട ഭാഷ അറിയുന്നവരുടെ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഒഴിവുകൾ യഥാസമയം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന ഉത്തരവുണ്ടായിട്ടും ആയത് പാലിക്കാത്ത അധികാരികൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ; വെളിപ്പെടുത്താമോ? | (സി) | ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

Beena

**സെക്ഷൻ ഓഫീസർ**